# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ-ജയിലാസ്ഥാനകാര്യാലയം-ജീവനക്കാര്യം-ശ്രീ.ഒ.ജെ.തോമസ്, വെൽഫയർ ഓഫീസർ ഗ്രേഡ്-1, സെൻട്രൽ ജയിൽ ആൻഡ് കറക്ഷണൽ ഹോം വിയ്യൂർ-ലെയ്സൺ ഓഫീസറുടെ ചുമതല നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു:-

പരാമർശം : ചീഫ് വെൽഫെയർ ഓഫീസർ ശ്രീ. വി.പി.സുനിൽ കുമാറിന്റെ 04.10.2021ലെ സമർപ്പണം

**ഉത്തരവ് നമ്പർ. E1-26869/2021/PrHQ; തീയതി : 25-10-2021**

ജയിൽ വകുപ്പിൻറെ നിരവധി കേസുകൾ ബഹു.ഹൈക്കോടതിയിൽ നിലവിലുണ്ട് എന്നും, ആയതിനാൽ എറണാകുളം ജില്ലയിൽ നിന്നും ഒരു ഉദ്യോഗസ്ഥനെ ലെയ്സൺ ഓഫീസറായി നിയമിക്കുന്നത് ജയിൽ വകുപ്പിലെ കോടതികളുമായിട്ടുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സഹായകരമാകുമെന്നും, നിലവിൽ വിയ്യൂർ സെൻട്രൽ ജയിലിൽ ജോലി നോക്കി വരുന്ന വെൽഫെയർ ഓഫീസർ ശ്രീ. ഒ.ജെ.തോമസിനെ ലെയ്സൺ ഓഫീസറായി ചുമതലപ്പെടുത്താവുന്നതാണെന്നും, ആയതിലേയ്ക്കായി ടിയാനെ എറണാകുളം ജില്ലാ ജയിലിലേയ്ക്ക് സ്ഥലം മാറ്റം നൽകുന്നതിനുമുള്ള നടപടികൾക്കായി പരാമർശത്തിലെ സമർപ്പണ പ്രകാരം ചീഫ് വെൽഫെയർ ഓഫീസർ അപേക്ഷിച്ചിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ, ചീഫ് വെൽഫെയർ ഓഫീസറുടെ അപേക്ഷ പരിഗണിച്ച്, ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകളുടെ പുരോഗതി വിലയിരുത്തുന്നതിനും, ആയത് വിവിധ ജയിൽ സ്ഥാപനങ്ങൾ, ആസ്ഥാനകാര്യാലയം എന്നിവയുമായി ബന്ധപ്പെട്ട് തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി വിയ്യൂർ സെൻട്രൽ ജയിലിലെ വെൽഫയർ ഓഫീസർ ശ്രീ.ഒ.ജെ.തോമസിനെ ലെയ്സൺ ഓഫീസർ ആയി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ലെയ്സൺ ഓഫീസറുടെ ചുമതലകൾ/ ക്യാമ്പ് സംബന്ധിച്ച് എസ്റ്റാബ്ലിഷ് മെൻറ് സെക്ഷനുമായി ബന്ധപ്പെട്ട് കുറിപ്പ് തയ്യാറാക്കി സമർപ്പിക്കാൻ ചീഫ് വെൽഫയർ ഓഫീസറെ പ്രത്യേകം ചുമതലപ്പെടുത്തുന്നു.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ശ്രീ.ഒ.ജെ.തോമസ്,

E1-26869/2021/PrHQ

99bf1c

വെൽഫയർ ഓഫീസർ ഗ്രേഡ്-1
സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം വിയ്യൂർ

പകർപ്പ് : ഡി.ഐ.ജി(പ്രിസൺസ്)
ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല
ചീഫ് വെൽഫെയർ ഓഫീസർ
ടെക്നിക്കൽ സെൽ